പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2059</u> <u>22.01.2014 ൽ മറുപടിക്ക്</u>

## പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പോലീസ് പിടിച്ചെടുത്തതും കേസിൽ ഉൾപ്പെട്ടതുമായ എത്ര വാഹനങ്ങൾ നാളിതുവരെ വില്പന നടത്തി; ഇതിലൂടെ എത്ര തുക ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | എ) | 5068 വാഹനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. 4,04,86,145 (നാല് കോടി നാല് ലക്ഷത്തി എൺപത്തിയാറായിരത്തി നൂറ്റി നാൽപത്തഞ്ച്) രൂപ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇപ്പോൾ കെട്ടി കിടപ്പുണ്ട് ; ഇതിൽ സർക്കാർ വാഹനങ്ങളുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | 20313 വാഹനങ്ങൾ. ഇതിൽ സർക്കാർ വാഹനങ്ങൾ ഒന്നും തന്നെയില്ല. |
| (സി) | ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ നശിച്ചുപോകും മുമ്പ് ലേലം ചെയ്ത് സർക്കാരിന് മുതൽ കൂട്ടുവാൻ മറ്റ് ചില സംസ്ഥാനത്തുള്ള തുപോലുള്ളനിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ; വിശദമാക്കുമോ ; | (സി) | കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമായതിനാൽ പുതുതായി നിയമ നിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | പോലീസ് മണൽകടത്ത് വാഹനങ്ങളിൽ നിന്നും പിടിച്ചെടുത്ത എത്ര ലോഡ് മണൽ, മണ്ണ്, കരിങ്കൽ, പാറപ്പൊടി തുടങ്ങിയവ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കിടപ്പുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | മണൽ 3408 ലോഡ്<br>മണ്ണ് 35 ലോഡ്<br>കരിങ്കൽ 22 ലോഡ്<br>പാറപ്പൊടി 5 ലോഡ് |
| (ഇ) | ഇവ ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുത്ത് സർക്കാരിന് മുതൽ കൂട്ടുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഇ) | ബന്ധപ്പെട്ട അധികാരികളെയും, കോടതികളെയും വിവരം അറിയിച്ച് നിയമനടപടികൾക്ക് വിധേയമായി ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഇത്തരത്തിൽ പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ, വാഹന ഉടമ പിഴ അടച്ച് തിരിച്ചെടുക്കുമ്പോൾ വാഹനങ്ങളിൽ നിന്നും ബാറ്ററിയടക്കമുള്ള ഉപകരണങ്ങൾ മോഷ്ടിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ പ്രതികളായിട്ടില്ല. |

സെക്ഷൻ ഓഫീസർ